**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5126

30.06.2014 - ൽ
മറുപടിയ്ക്ക്

## കേരള പോലീസിൽ വനിതാ പ്രാതിനിധ്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീമതി. പി. അയിഷാപോറ്റി<br>ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) കേരള പോലീസിൽ വനിതാ പ്രാതിനിധ്യം ഉയർത്തുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ; സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ വൻ വർദ്ധന നേരിട്ടുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വനിതാ പോലീസിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ ; | (എ) | ഉണ്ട്. കേരള പോലീസിൽ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി 1000 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെയും 250 വനിതാ സബ് ഇൻസ്പെക്ടർമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) കേരള പോലീസിൽ വനിതകളുടെ എണ്ണം 25 ശതമാനം ആക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുകയാണെങ്കിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് വെളിപ്പെടുത്താമോ ; | (ബി) | തസ്തികകൾ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്ന മുറയ്ക്ക് ഒഴിവുകൾ കണക്കാക്കുന്നതാണ്. |
| (സി) വനിത കോൺസ്റ്റബിൾമാരുടെ പിഎസ്‌സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഇതിനകം നൽകിയ നിയമനം എത്രയാണ് ; ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) | റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. 427 പേർക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ